"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ജില്ലാതല നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ വകുപ്പുകളിലെ എൻട്രി കേഡർ ഉൾപ്പെടെയുള്ള തസ്തികകളുടെ കേഡർ സ്ട്രെങ്ത് നിർദ്ദിഷ്ട അനുപാതത്തിന് അനുസൃതമായി ജില്ലാതലത്തിൽ സ്ഥിരമായി നിലനിർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.9/2026/P&ARD** തീയതി,തിരുവനന്തപുരം, **15-07-2026**

പരാമർശം:- 1. 16-03-1989-ലെ G.O(P) No.5/89/P&A.R.D നമ്പർ ഉത്തരവ്.

2. 07-01-1991-ലെ G.O(P) No. 1/91/ P&A.R.D നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ അനുവദനീയമായ ക്ലാർക്ക് തസ്തികകളിലെ ശ്രേണി ബലത്തിൽ എൽ.ഡി ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളിലെ അനുപാതം 1 : 1 എന്ന നിലയിൽ സംസ്ഥാന തലത്തിൽ നിലനിർത്തിയാൽ മതിയെന്ന് സൂചന ഒന്ന് ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഒന്നിൽ അധികം ഗ്രേഡുകളുള്ള മറ്റു തസ്തികകൾക്കും പ്രസ്തുത വ്യവസ്ഥ ബാധകമാക്കി കൊണ്ട് സൂചന രണ്ട് ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പല വകുപ്പുകളും ഈ വ്യവസ്ഥ മറ്റൊരു തരത്തിൽ വ്യാഖ്യാനിച്ചു കൊണ്ട് ഒന്നോ അതിലധികമോ ഗ്രേഡുകളുള്ളതും ജില്ലാതല റിക്രൂട്ട്മെന്റ് വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ പല തസ്തികകളിലും ഉയർന്ന ഗ്രേഡുകളിൽ ഒഴിവ് ഉണ്ടാകുമ്പോൾ ജീവനക്കാരുടെ സൗകര്യാർത്ഥം അവയെ ജില്ലയ്ക്ക് പുറത്തേക്ക് ഷിഫ്റ്റ് ചെയ്തു കൊണ്ട് സ്ഥാനക്കയറ്റം അനുവദിച്ചു പോരുന്നതായും അതിന്റെ ഫലമായി എൻട്രി കേഡറിൽ ഉണ്ടാവുന്ന ഒഴിവുകൾ യഥാർത്ഥത്തിൽ ഉണ്ടാകേണ്ടിയിരുന്ന ജില്ലയിൽ ഉണ്ടാകാതെ വരുന്നതായും അത് പി.എസ്.സി റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നവരുടെ നിയമനത്തെ പ്രതികൂലമായി ബാധിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒരേ തസ്തികയിലെ ഉയർന്ന കേഡറുകളിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതും എൻട്രി കേഡറിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ഈ വിഷയത്തിൽ നിലവിലുള്ള സൂചന ഉത്തരവുകളെ അതിലംഘിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) ജില്ലാതല നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ള എൻട്രി കേഡർ തസ്തികകളുടെ കേഡർ സ്ട്രെങ്ത് ജില്ലാതലത്തിൽ നിജപ്പെടുത്തേണ്ടതും ആയത് ജില്ലാതലത്തിൽ നിലനിർത്തിക്കൊണ്ട് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ii) എൻട്രി കേഡർ തസ്തികകളിൽ ജില്ലാതല നിയമനം ലഭിച്ച ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ഒഴിവുകൾ, ഒഴിവ് ഉണ്ടായിട്ടുള്ള ജില്ലകളിൽ തന്നെ നിലനിർത്തിക്കൊണ്ട് സ്ഥാനക്കയറ്റ നിയമനങ്ങൾ നൽകേണ്ടതാണ്. യാതൊരു കാരണവശാലും അവ ജില്ല വിട്ട് പുന:ക്രമീകരിച്ചുകൊണ്ട് നിയമനം നടത്താൻ പാടില്ല.

iii) എന്നാൽ, എൻട്രി കേഡർ തസ്തികയിലെ നിയമനം ജില്ലാതലത്തിൽ ആയിരിക്കുകയും ടി തസ്തികയ്ക്ക് ഒന്നിലധികം ഉയർന്ന ഗ്രേഡുകൾ ഉണ്ടായിരിക്കുകയും ഗ്രേഡുകളുടെ ജോലി സ്വഭാവത്തിൽ മാറ്റമില്ലായെങ്കിലും (ഉദാ :- ടൈപ്പിസ്റ്റ് , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മുതലായവ), അവയുടെ സീനിയോറിറ്റി സംസ്ഥാനതലത്തിലാണ് നിലനിർത്തുന്നതെങ്കിലും എൻട്രികേഡറിന് മുകളിലുള്ള ഗ്രേഡ്/കാറ്റഗറികളിൽ നിന്നും സ്ഥാനക്കയറ്റം അനുവദിക്കുമ്പോൾ അവയുടെ കേഡർ സ്ട്രെങ്ങ്തുകൾ തമ്മിലുള്ള അനുപാതങ്ങൾ സംസ്ഥാനതലത്തിൽ ജില്ലയ്ക്കപ്പുറത്തേക്ക് പുനക്രമീകരിക്കുന്നതിൽ തടസ്സമില്ല.

iv) ഒരേ കേഡറിൽ ഒരേ ഒരു ഉയർന്ന ഗ്രേഡ് മാത്രമേ ഉള്ളൂ എങ്കിലും ജോലി സ്വഭാവത്തിനു മാറ്റമില്ലാത്ത സാഹചര്യത്തിലും എൻട്രികേഡർ തസ്തികകളിൽ ജില്ലാതല റിക്രൂട്ട്മെന്റാണ് നടത്തുന്നതെങ്കിലും (ഉദാ : ക്ലാർക്ക്, സീനിയർ ക്ലാർക്ക്), അവയുടെ കേഡർ സ്ട്രെങ്ങ്ത് ജില്ലാ തലത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ സ്ഥാനക്കയറ്റം അനുവദിക്കേണ്ടതും സ്ഥാനക്കയറ്റം മുഖേന ഉണ്ടാകുന്ന എൻട്രികേഡർ ഒഴിവുകൾ അതത് ജില്ലകൾക്ക് നൽകിക്കൊണ്ട് നിയമനം നടത്തേണ്ടതുമാണ്.

v) പ്രൊമോഷന്റെ കാര്യത്തിൽ ജില്ലാതല യൂണിറ്റ് സിസ്റ്റം നിലനിൽക്കുന്ന വകുപ്പുകളിൽ സ്ഥലമാറ്റ നിയമനത്തിനും / ലോവർ ഗ്രേഡ്-ഹയർ ഗ്രേഡ് നിർണ്ണയിക്കുന്നതിനും ബന്ധപ്പെട്ട ജില്ല ഒറ്റ യൂണിറ്റായി കണക്കാക്കേണ്ടതുമാണ്.

3. എല്ലാ നിയമനാധികാരികളും, വകുപ്പ് മേധാവികളും, മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനുപമ ടി വി ഐ എ എസ്**

**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും
(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും, ജില്ലാ കളക്ടർമാർക്കും ,
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള
സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ്

ആയ www.pard.kerala.gov.in -ൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ